(സി) ജില്ലകൾക്ക് അനുവദിച്ച തുക ജില്ലകളിൽ നിന്ന് നൽകിവരുന്നു. നിലവിൽ കുടിശ്ശിക ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. 2011-12 വർഷം ബഡ്ജറ്റിൽ ഇതിനായി 600 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യോൽപ്പാദനം

190 (1660) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ മത്സ്യക്കൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ എത്ര ഹെക്ടർ പ്രദേശങ്ങളിൽ ഇത്തരം മത്സ്യക്കൃഷി നടത്തിവരുന്നു എന്നറിയിക്കുമോ ;

(സി) ഇത്തരത്തിൽ മത്സ്യക്കൃഷി നടപ്പിലാക്കുക വഴി സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ പ്രതിവർഷം എന്തു വർദ്ധനവ് വരുത്താനായിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) ഈ രംഗത്ത് ഇനിയും എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഇതിനായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ എന്തൊക്കെ സഹകരണമാണ് ഉറപ്പുവരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2008-09 മുതൽ 'മത്സ്യകേരളം' പദ്ധതി നടപ്പാക്കി വരുന്നു. ടി പദ്ധതി പ്രകാരം 10000 ഹെക്ടറിൽ ജലകൃഷി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഇതിനകം തന്നെ 14821 ഹെക്ടറിൽ മത്സ്യ/ചെമ്മീൻ കൃഷി നടത്തുവാൻ സാധിച്ചു. കൂടാതെ സംസ്ഥാനത്തെ മത്സ്യ കൃഷിക്കനുയോജ്യമായ മുഴുവൻ പൊതു ജലശായങ്ങളിലും ഗുണമേന്മ ഉറപ്പാക്കിയ ശുദ്ധജല മത്സ്യം/ ആറ്റുകൊഞ്ച് നിക്ഷേപിക്കുന്ന റാഞ്ചിംഗും സംഘടിപ്പിക്കുകയുണ്ടായി. അഡാക്കു മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യക്കൃഷി നടത്തുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിയും നടപ്പാക്കിവരുന്നു. വിദർഭ പാക്കേജ് വഴി മത്സ്യക്കൃഷി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിവരുന്നു. മത്സ്യകേരളം പദ്ധതിയിലൂടെ കർഷകർക്ക് മത്സ്യവിത്തും, തീറ്റയും സൗജന്യമായി നൽകുകയും, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തൊട്ടാകെ 6833 ഹെക്ടർ ഓരു ജലാശയത്തിലും 7988 ഹെക്ടർ ശുദ്ധജലാശയത്തിലുമായി ആകെ 14821 ഹെക്ടർ പ്രദേശത്ത് മത്സ്യകേരളം പദ്ധതി പ്രകാരം മത്സ്യക്കൃഷി നടത്തിവരുന്നു. കൂടാതെ 17 റിസർവോയറുകളിലായി 9783 ഹെക്ടർ പ്രദേശത്ത് മത്സ്യക്കൃഷി നടത്തിവരുന്നു.

(സി) മത്സ്യകേരളം പദ്ധതിയിലൂടെ ഇതുവരെയായി 4863 ടൺ ചെമ്മീനും 10512 ടൺ മത്സ്യം/ആറ്റുകൊഞ്ചും,17.5 ടൺ കരിമീനും 4 ടൺ ഞണ്ടും, 5462 ടൺ കല്ലുമ്മേക്കായും അധികമായി ഉൽപ്പാദിപ്പിച്ചു. അതുവഴി സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനം നിലവിലുണ്ടായിരുന്ന 75000 ടണ്ണിൽ നിന്നും 1.26 ടണ്ണായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) മത്സ്യോൽപ്പാദനം 2 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ പ്രദേശത്തേക്ക് കൃഷി വ്യാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മത്സ്യകേരളം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ പ്രവർത്തനമാരംഭിച്ചിട്ടുള്ളതിൽ 100 മികച്ച മത്സ്യ കർഷക ക്ലബ്ബുകളെ തെരഞ്ഞെടുത്ത് അവയ്ക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ഓരോ ക്ലബ്ബിനും 5.60 ലക്ഷം രൂപ നൽകുന്നതിന് നടപടി പൂർത്തിയാക്കി വരുന്നു. സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ചിട്ടുള്ള കരിമീനിന്റെ സംരക്ഷണത്തിനും ഉല്പാദന വർദ്ധനവിനുമായി 'കരിമീൻ വർഷം' എന്ന പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) മത്സ്യകേരളം പദ്ധതി ഒരു സർക്കാർ പദ്ധതി എന്നതിലുപരി ഒരു ജനകീയ പദ്ധതിയാക്കി മാറ്റാൻ കഴിഞ്ഞതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് അവിസ്മരണീയമാണ്. പദ്ധതിയുടെ വിജയവും പ്രധാനമായും ഈ ഘടകത്തെ ആസ്പദമാക്കിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള അക്വാകൾച്ചർ കോ-ഓഡിനേറ്റർമാരാണ് കൃഷി വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് അതത് പഞ്ചായത്തിൽ മേൽനോട്ടം വഹിക്കുന്നത്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി പണം അനുവദിക്കുന്ന മത്സ്യകർഷക ക്ലബ്ബുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം അനുവദിക്കുന്നത് അതത് പഞ്ചായത്താണ്. കരിമീൻ വർഷം പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

മത്സ്യഭവനുകളുടെ പുനഃസംഘടന

191 (1661) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിലെ മത്സ്യഭവനുകളുടെ പുനഃസംഘടനയ്ക്കായുള്ള സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യഭവനുകളുടെ പുനഃസംഘടന ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകുവാൻ കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly